(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ വിവിധ ചികിത്സാ മേഖലകളിൽ അനുവദിച്ച ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും വകുപ്പ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

1. ആരോഗ്യ വകുപ്പ്	-	3
2. ഭാരതീയ ചികിത്സാ വകുപ്പ്		
1. ആയുർവ്വേദം	-	28
2. സിദ്ധം	-	1
3. യുനാനി	-	3
		32
ഹോമിയോപ്പതി വകുപ്പ്	-	58
(4 സ്ഥിരം ഡിസ്പെൻസറിയും 54 NRHM മുഖേനയുടെ താല്ക്കാലിക ഡിസ്പെൻസറികളും)		
ആകെ	-	93

(ഡി) ആരോഗ്യ വകുപ്പിൽ അനുവദിച്ച എല്ലാ ആശുപത്രികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച ആയുർവ്വേദ ഡിസ്പെൻസറികളിൽ 20 എണ്ണവും, യുനാനി ഡിസ്പെൻസറികളിൽ 2 എണ്ണവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ഹോമിയോപ്പതി വകുപ്പിൽ പുതുതായി അനുവദിച്ച 25 ഡിസ്പെൻസറികളും ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ ആശുപത്രികൾ

18 (465) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ആശുപത്രികൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം തരത്തിലുള്ള ആശുപത്രികളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിനു കീഴിൽ നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. ഹോമിയോപ്പതി വകുപ്പിൽ 25 പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 22-1-2011-ലെ ജി.ഒ. (എം.എസ്) 30/11/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം അനുമതി നൽകിയ ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് നിലവിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

19 (466) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെന്നും അവ ഓരോന്നിനും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ ?

ഉത്തരം

ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ആയതിനു ചെലവാക്കിയ തുകയും സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ പേഷ്യന്റ് എംപ്ലോയീസിന്റെ ആവശ്യങ്ങൾ

20 (467) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ പേഷ്യന്റ് എംപ്ലോയീസ് വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അധികാരികൾക്ക് നൽകിയ നിവേദനത്തിലെ ആവശ്യങ്ങൾ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പേഷ്യന്റ് എംപ്ലോയീസിന്റെ കൂലി വർദ്ധന നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) പേഷ്യന്റ് എംപ്ലോയീസിന്റെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റു കുഷ്ഠരോഗാശുപത്രികളിൽ നൽകുന്ന ആനുകൂല്യങ്ങൾ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ പേഷ്യന്റ്സ് എംപ്ലോയീസിന് നൽകാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly